LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് ട്രേസർ വാഹനംകൊണ്ടുള്ള പ്രയോജനങ്ങൾ

*9 [348] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് സ്പീഡ് ട്രേസർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയത്;

(സി) സംസ്ഥാനത്ത് എത്ര സ്പീഡ് ട്രേസർ വാഹനങ്ങളുണ്ട്;

(ഡി) സ്പീഡ് ട്രേസർ വാഹനങ്ങൾ ഓരോ ജില്ലയ്ക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ;

(ഇ) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2004 മേയ് മാസം മുതൽ.

(സി) 4 എണ്ണം.

(ഡി) സ്പീഡ് ട്രേസർ വാഹനങ്ങൾ ഓരോ ജില്ലയ്ക്കും നൽകിയിട്ടില്ല. എന്നാൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, പുകമലിനീകരണം മുതലായവ തടയാൻവേണ്ടിയാണ് സ്പീഡ് ട്രേസർ വാഹനങ്ങൾ ഉപയോഗിച്ചു വരുന്നത്.

കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ

*10 [349] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തമ്പാനൂർ രവി:
,, കെ. എ. ചന്ദ്രൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന കളക്ഷൻ ശരാശരി എത്ര രൂപയാണ്;

(ബി) പ്രതിദിനം കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്ര കീലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നു;

(സി) കിലോമീറ്ററിന് ശരാശരി കളക്ഷനെത്ര;

(ഡി) കിലോമീറ്ററിന് എന്തു കളക്ഷൻ കിട്ടിയാൽ നഷ്ടമില്ലാതെ സർവ്വീസ് നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) പ്രതിദിന ശരാശരി കളക്ഷൻ 1.9 കോടി രൂപയാണ്.

(ബി) പ്രതിദിനം ശരാശരി 11,23,424 കീലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നു.

(സി) കിലോമീറ്ററിന് ശരാശരി 16.66 രൂപ കളക്ഷൻ ലഭിക്കുന്നു.

(ഡി) കിലോമീറ്ററിന് 18.50 രൂപ കളക്ഷൻ കിട്ടിയാൽ നഷ്ടമില്ലാതെ സർവ്വീസ് നടത്താൻ കഴിയും.

ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മാത്രം തുടങ്ങുന്ന വ്യവസായങ്ങൾ

*11 [350] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മാത്രം വ്യവസായങ്ങൾ തുടങ്ങുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആനുകൂല്യങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം നിർത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് നൽകുന്ന സർക്കാർ ധനസഹായം തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മാത്രമായി വ്യവസായങ്ങൾ തുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly